**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 158** **26.09. 2011-ൽ മറുപടിക്ക്.**

## പോലീസ് കാന്റീനുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസുകാർക്കുവേണ്ടി പ്രതിരോധ സേനയുടെ സി.എസ്.ഡി. കാന്റീൻ മാതൃകയിൽ, പോലീസ് കാന്റീനുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര കാന്റീനുകളാണ് ഇപ്രകാരം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; | : (ബി) സംസ്ഥാന പോലീസ് കാന്റീനുകൾ സെൻട്രൽ പോലീസ് കാന്റീനുകളുടെ മാസ്റ്റർ കാന്റീനുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. |
| (സി) നിർദ്ദിഷ്ട കാന്റീനുകളിൽ നിന്നും വിൽക്കുന്ന ഏതെല്ലാം സാധനങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ; | : (സി) ഇക്കാര്യം നികുതി വകുപ്പ് പരിശോധിച്ചുവരുന്നു. |
| (ഡി) നിർദ്ദിഷ്ട കാന്റീനിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അർഹതയുള്ളവർ ആരൊക്കെയാണ് ; സംസ്ഥാനത്ത് ഇപ്രകാരം അർഹതയുള്ളവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ? | : (ഡി) സംസ്ഥാന പോലീസ് സേനയിൽ നിലവിൽ ജോലി ചെയ്തുവരുന്ന സേനാംഗങ്ങൾക്കും, സർവ്വീസിൽ നിന്നും വിരമിച്ച സേനാംഗങ്ങൾക്കും നിർദ്ദിഷ്ട കാന്റീനിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അർഹതയുണ്ടായിരിക്കും. അർഹതയുള്ളവരുടെ എണ്ണം ഇപ്പോൾ കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ